"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഹോമിയോപ്പതി വകുപ്പ് - കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസിൽ ക്ലാർക്ക്-ടൈപ്പിസ്റ്റായിരുന്ന ബിജുമോൻ വി.യുടെ ഭാര്യ ശ്രീമതി ശ്രീജി എസ്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1202/2020 നമ്പർ ഹജിയിന്മേലുള്ള ബഹു. ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(കൈ) നം.34/2026/AYUSH തീയതി, തിരുവനന്തപുരം, 05-08-2026

---

പരാമർശം:-

1. പൊതുഭരണ (സി.ഇ.സെൽ) വകുപ്പിന്റെ 25/01/2020-ലെ C.E.C2/60/2018/പൊ.ഭ.വ നമ്പർ കത്ത്
2. ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 06/04/2022, 26/07/2025 എന്നീ തീയതികളിലെ DHTVM/1375/2020-EA2 നമ്പർ കത്തുകൾ
3. 29/03/2025-ലെ സ.ഉ.(പി)4/2025/പി.&എ.ആർ.ഡി നമ്പർ ഉത്തരവ്
4. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 22/08/2025-ലെ ഒ.എ 1202/2020 നമ്പർ കേസിന്മേലുള്ള ഉത്തരവ്
5. ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 23/09/2025 ലെ DHTVM/1919/2025-EA2 നമ്പർ കത്ത്.
6. 07/03/2026-ലെ സ.ഉ.(കൈ)നം.12/2026/പി.&എ.ആർ.ഡി നമ്പർ ഉത്തരവ്

**ഉത്തരവ്**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭിക്കുന്നതിന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസിൽ ക്ലാർക്ക്-ടൈപ്പിസ്റ്റായിരുന്ന ബിജുമോൻ വി.യുടെ ഭാര്യ ശ്രീമതി ശ്രീജി എസ്. ഫയൽ ചെയ്ത OA 1202/2020 നമ്പർ ഹജിയിന്മേൽ ബഹു. കോടതി പുറപ്പെടുവിച്ച പരാമർശം (4) ലെ ഉത്തരവ് പ്രകാരം, പ്രസ്തുത ഉത്തരവ് കൈപ്പറ്റി ഒരു മാസത്തിനുള്ളിൽ പരാതിക്കാരിയ്ക്ക് ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു.

07/08/2013-ലെ സ.ഉ.(പി) 63/13/SJD പ്രകാരം 16/08/1999 മുതൽ 31/12/2013

വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയ 2677 ഭിന്നശേഷിക്കാർക്ക് പുനർനിയമനം നൽകുന്നതിനായി സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയും, അവർ സർവീസിൽ നിന്ന് വിരമിക്കുകയോ പിരിഞ്ഞുപോകുകയോ ചെയ്യുമ്പോൾ ആ തസ്തികകൾ ഇല്ലാതാകുന്ന തരത്തിൽ പുനർ/റഗുലർ നിയമനം നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, കോട്ടയം ജില്ലയിൽ നിന്നുള്ള പട്ടികയിലെ ക്രമ നമ്പർ 80-ൽ ഉൾപ്പെട്ട ബിജുമോൻ വി.യെ 21/12/2013-ലെ ഉത്തരവ് പ്രകാരം കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസിൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് സൂപ്പർന്യൂമററി തസ്തികയിൽ നിയമിച്ചു. തുടർന്ന് ടിയാന് ട്രഷറി വഴി പ്രാൺ നമ്പർ ലഭിക്കുകയും 21/03/2014 മുതൽ നാഷണൽ പെൻഷൻ സ്കീമിൽ അംഗത്വം ലഭിക്കുകയും ചെയ്തു. കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസിൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ബിജുമോൻ വി.യുടെ സർവീസ് 25/02/2017-ന് മരണപ്പെടുന്നതുവരെ റെഗുലറൈസ് ചെയ്തിരുന്നില്ലെന്ന് വകുപ്പ് മേധാവി പരാമർശം (2), (5) എന്നിവ പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

ബിജുമോന്റെ മരണത്തെ തുടർന്ന്, അദ്ദേഹത്തിന്റെ ആശ്രിതയായ ഭാര്യ ശ്രീമതി ശ്രീജി എസ്. ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയോടൊപ്പം കോട്ടയം ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ട് ഉൾപ്പെടുത്തിയിരുന്നില്ല. ആയതിനാൽ, ടി റിപ്പോർട്ട് കൂടി ഉൾപ്പെടുത്തി സമർപ്പിക്കുന്നതിനായി അപേക്ഷ മടക്കി നൽകിയിരുന്നു. തുടർന്ന്, 24/05/1999-ലെ G.O.(P) No.12/99/P&ARD ഉത്തരവിലെ ഖണ്ഡിക (3) പ്രകാരം, റഗുലർ നിയമനം ലഭിച്ച വ്യക്തിയുടെ ആശ്രിതന് മാത്രമേ ആശ്രിത നിയമനത്തിന് അർഹതയുള്ളുവെന്ന് പരാമർശം (1) പ്രകാരം സ്പഷ്ടീകരണം ലഭിച്ചതിനെത്തുടർന്ന്, ശ്രീമതി ശ്രീജി എസ്. സമർപ്പിച്ച ആശ്രിത നിയമന അപേക്ഷയും അനുബന്ധ രേഖകളും കോട്ടയം ജില്ലാ കളക്ടർ നിരസിക്കുകയുണ്ടായി. ഇതിനെ തുടർന്ന്, ശ്രീമതി ശ്രീജി എസ്. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒഎ. 1202/2020 നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി. കൂടാതെ, ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് ടിയാളിൽ നിന്ന് പുതിയ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ലെന്നും പരാമർശം (2), (5) എന്നിവ പ്രകാരം വകുപ്പുമേധാവി സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പരാമർശം (3)-ലെ ഉത്തരവ് പ്രകാരമുള്ള സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ ആനുകൂല്യം, സൂപ്പർന്യൂമററി തസ്തികയിൽ സേവനത്തിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്കും അനുവദിച്ചുകൊണ്ട് പരാമർശം (6) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലാ മെഡിക്കൽ (ഹോമിയോ) ഓഫീസിൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് (സൂപ്പർന്യൂമററി) തസ്തികയിൽ സേവനത്തിലിരിക്കെ മരണപ്പെട്ട ബിജുമോൻ വി.യുടെ ഭാര്യ ശ്രീമതി ശ്രീജി എസ്.ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം

നൽകുന്നതിന് പരാമർശം (3) ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടും പരാമർശം (6) ഉത്തരവിലെ വ്യവസ്ഥകളുടെ ആനുകൂല്യം പരിഗണിച്ചുകൊണ്ടും ഹോമിയോപ്പതി വകുപ്പ് മേധാവിക്ക് ഇതിനാൽ അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം (4) ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**VIJAIRAJ J**

ജോയിന്റ് സെക്രട്ടറി

1) അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

2) ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം

3) ശ്രീമതി ശ്രീജി എസ് , W/O ബിജുമോൻ വി (late), പടിഞ്ഞാറേ വാഴയിൽ വീട്, തൃക്കൊടിത്താനം പി.ഒ, ചങ്ങനാശ്ശേരി, കോട്ടയം (Registered post).

4) ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), കോട്ടയം

5) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം

6) വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

7) കരുതൽ ഫയൽ (ഫയൽ നം. AYU-C2/26/2022-AYUSH)

ഉത്തരവിൻ പ്രകാരം

Digitally signed by
Khan M. Jahangir
Date: 07-08-2026
11:48:07

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രിയുടെ പി.എസ്. ന്
ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്